# Visit of H.E. Mr. DemekeMekonnen, Deputy Prime Minister and Foreign Minister of Ethiopia to India (February 17-19, 2021)

February 19, 2021

# ഏത്യോപ്യയിലെ വിദേശകാര്യമന്ത്രിയും ഉപപ്രധാനമന്ത്രിയുമായ ശ്രീ ഡെമെക്കെ മെക്കോനനിന്റെ ഇന്ത്യൻ സന്ദർശനം. (ഫെബ്രുവരി 17-19, 2021)

19 ഫെബ്രുവരി

1. എത്യോപ്യ ഫെഡറൽ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിലെ വിദേശകാര്യമന്ത്രിയും ഉപപ്രധാനമന്ത്രിയുമായ ശ്രീ ഡെമെക്കെ മെക്കോനൻ ഉന്നതസംഘത്തിനൊപ്പം 2021 ഫെബ്രുവരി 17 മുതൽ 19 വരെയുള്ള തിയ്യതികളിൽ ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി. 2020 നവംബറിൽ വിദേശകാര്യമന്ത്രിയായി ചുമതലയേറ്റത്തിന് ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ ഏഷ്യ സന്ദര്ശനമായിരുന്നു ഇത്.

2. 2021 ഫെബ്രുവരി 19 വെള്ളിയാഴ്ച വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ് ശങ്കർ ഉപപ്രധാനമന്ത്രിയുമായി വിപുലമായ ചർച്ചകൾ നടത്തി, ഇതിൽ ഉഭയകക്ഷിതലത്തിലും, പ്രാദേശിക- ആഗോള തലത്തിലുമുള്ള വിഷയങ്ങളിൽ അവർ അഭിപ്രായങ്ങൾ കൈമാറി. വിദേശകാര്യമന്ത്രി ഉച്ചഭക്ഷണത്തിനു ഉപപ്രധാനമന്ത്രിയ്ക്ക് ആതിഥേയത്വം വഹിച്ചു.

3. 2021 ഫെബ്രുവരി 18 ന് ന്യൂഡൽഹിയിലെ എത്യോപ്യ എംബസിയുടെ പുതുതായി നിർമ്മിച്ച ചാൻസറി കെട്ടിടവും എംബസി വസതിയും ഇരു മന്ത്രിമാരും ചേർന്ന് സംയുക്തമായി ഉദ്ഘാടനം ചെയ്തു. വിദേശകാര്യ മന്ത്രി സദസ്സിനെ അഭിസംബോധന ചെയ്യുകയും ഇന്ത്യയും എത്യോപ്യയും തമ്മിലുള്ള ചരിത്രപരമായ ബന്ധങ്ങളെക്കുറിച്ചും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉന്നതതല സന്ദർശനത്തിലൂടെ ഇവയിൽ വന്ന പുരോഗതിയെക്കുറിച്ചും സംസാരിച്ചു;അഭിവൃദ്ധി

പ്രാപിസിച്ചുകൊണ്ടിരിക്കുന്ന ഉഭയകക്ഷി വ്യാപാര-നിക്ഷേപ ബന്ധങ്ങൾ, വ്യക്തിഗത ബന്ധങ്ങൾ എന്നിവയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.ഇന്ത്യ-എത്യോപ്യ ബന്ധത്തിന്റെ പ്രാധാന്യം ഡിപിഎം മെക്കോനെൻ എടുത്തുപറഞ്ഞു.

4. ന്യൂ ഡൽഹിയിലെ എത്യോപ്യ എംബസിയുമായി സഹകരിച്ച് ASSOCHAM, 2021 ഫെബ്രുവരി 17 ന് ഇന്ത്യ-എത്യോപ്യ ബിസിനസ് ഫോറം സംഘടിപ്പിസിച്ചിരുന്നു,ഇതിൽ എത്യോപ്യയിലെ നിക്ഷേപ അവസരങ്ങളെക്കുറിച്ച് എത്യോപ്യൻ വിഭാഗവും ഇന്ത്യൻ നിക്ഷേപകരും ചൂണ്ടിക്കാണിച്ചു. വിദേശകാര്യ സഹമന്ത്രി ശ്രീ വി. മുരളീധരൻ ഫോറത്തിൽ പങ്കെടുത്തു, തന്റെ അഭിസംബോധന പ്രസംഗത്തിൽ വ്യാപാര-നിക്ഷേപ അവസരങ്ങൾ ഏറ്റെടുക്കുന്നതിന് ബിസിനസ്സ് സമൂഹങ്ങളെ ക്ഷണിക്കുകയും എത്യോപ്യയിലെ ഇന്ത്യൻ അധ്യാപകർ വഹിച്ച പങ്കിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. എത്യോപ്യയിലെ ബിസിനസ്സ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി എത്യോപ്യൻ സർക്കാർ പുതിയ നടപടികൾ സ്വീകരിക്കുന്നതായി ഡിപിഎം മെക്കോനെൻ തന്റെ പ്രസംഗത്തിൽ അറിയിച്ചു.

5. സന്ദർശന വേളയിൽ, നയതന്ത്ര പാസ്പോർട്ടുകൾ കൈവശമുള്ളവർക്കായി ഇരു രാജ്യങ്ങളും വിസ ഇളവ് സംബന്ധിച്ച കരാറിലും കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് - സെൻട്രൽ ലെതർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യ, എത്യോപ്യയിലെ വോളോ സർവകലാശാല എന്നിവ തമ്മിലുള്ള ധാരണ പത്രത്തിലും ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

**ന്യൂ ഡൽഹി**
**19 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.